www.pscnet.in

# 7/2014 - M

1. ഒരു കാർ ഓടിയ ദൂരത്തിന്റെ പകുതി 40 കി.മീ. വേഗതയിലും ബാക്കി ദൂരം 60 കി.മീ. വേഗതയിലുമാണ് ഓടിയത്. വാഹനത്തിന്റെ ശരാശരി വേഗത മണിക്കൂറിൽ എത്ര ?

   (A) 48 കി.മീ. (B) 50 കി.മീ. (C) 55 കി.മീ. (D) 49 കി.മീ.

2. A -യും B -യും കൂടി ഒരു ജോലി 6 ദിവസംകൊണ്ട് തീർക്കും. A ഒറ്റയ്ക്ക് 10 ദിവസമെടുക്കുന്ന ആ ജോലി B ഒറ്റയ്ക്ക് ചെയ്താൽ എത്ര ദിവസമെടുക്കും ?

   (A) 18 (B) 16 (C) 4 (D) 15

3. അപ്പുവിന്റെയും അമ്മുവിന്റെയും വയസ്സുകൾ 1 : 2 എന്ന അംശബന്ധത്തിലാണ്. 15 വർഷം കഴിയുമ്പോൾ അംശബന്ധം 2 : 3 ആകും. എങ്കിൽ അമ്മുവിന്റെ വയസ്സ് എത്ര ?

   (A) 30 (B) 15 (C) 10 (D) 20

4. 100 -നും 400 -നും ഇടയിൽ, 6 കൊണ്ട് നിശ്ശേഷം ഹരിക്കാവുന്ന എത്ര സംഖ്യകൾ ഉണ്ട് ?

   (A) 48 (B) 49 (C) 50 (D) 51

5. ഒരു സംഖ്യയുടെ മൂന്നു മടങ്ങിൽ നിന്നും അഞ്ച് കുറച്ചതിന്റെ പകുതി എട്ടാണ്. എങ്കിൽ സംഖ്യ ഏത് ?

   (A) 8 (B) 7 (C) 16 (D) 12

6. വക്കുകളുടെയെല്ലാം നീളം 6 സെ.മീ. ആയ ഒരു സമചതുരക്കട്ടയിൽ നിന്ന് ചെത്തിയെടുക്കാവുന്ന ഏറ്റവും വലിയ ഗോളത്തിന്റെ വ്യാപ്തം എത്ര ?

   (A) 144 $\pi$ (B) 228 $\pi$ (C) 36 $\pi$ (D) 72 $\pi$

7. $2^{3x}+1=65$ ആയാൽ $x$ എത്ര ?

   (A) 2 (B) 3 (C) 6 (D) 5

8. ഒരു സമാന്തര ശ്രേണിയുടെ 4 -ാം പദം 31 -ഉം 6 -ാം പദം 47 -ഉം ആയാൽ ആദ്യപദം എത്ര ?

   (A) 8 (B) 15 (C) 11 (D) 7



fb.com/pscnet.in

www.pscnet.in

9. 8500 രൂപയ്ക്ക് 10% നിരക്കിൽ 2 വർഷത്തെ സാധാരണ പലിശ എത്ര ?

(A) 1750 (B) 1700 (C) 1600 (D) 1785

10. ഒരു ക്ലോക്ക് 9 മണി 20 മിനിറ്റ് എന്ന് സമയം കാണിക്കുന്നു. ക്ലോക്കിന്റെ പ്രതിബിംബം കാണിക്കുന്ന സമയം എത്ര ?

(A) 2 മണി 20 മിനിറ്റ് (B) 9 മണി 20 മിനിറ്റ്

(C) 3 മണി 20 മിനിറ്റ് (D) 2 മണി 40 മിനിറ്റ്

11. ഏറ്റവും ദൈർഘ്യം കുറഞ്ഞ ലോകസഭ പിരിച്ചുവിട്ട രാഷ്ട്രപതി :

(A) ശങ്കർ ദയാൽ ശർമ്മ (B) കെ.ആർ. നാരായണൻ

(C) ആർ. വെങ്കിട്ടരാമൻ (D) എ.പി.ജെ. അബ്ദുൾകലാം

12. 'മഡിബ' എന്നറിയപ്പെടുന്ന ദേശീയ നേതാവ് :

(A) ബരാക് ഒബാമ (B) മാർട്ടിൻ ലൂഥർ കിംഗ്

(C) നെൽസൺ മണ്ടേല (D) എബ്രഹാം ലിങ്കൺ

13. ഭഗത് സിംഗിന്റെ സ്മാരകമായ ' ഭഗത്സിംഗ് ചൗക്ക് ' സ്ഥിതി ചെയ്യുന്നത് :

(A) ലാഹോർ (B) അഹമ്മദാബാദ്

(C) കൊൽക്കത്ത (D) ഇസ്ലാമാബാദ്

14. ഇന്ത്യയിൽ ആദ്യമായി അച്ചടി നടന്ന സ്ഥലം ഏതാണ് ?

(A) മുംബൈ (B) ചെന്നൈ (C) ഗോവ (D) കൊൽക്കത്ത

15. ഇന്ത്യയിലെ മൂന്നാമത്തെ വനിത വിദേശകാര്യ സെക്രട്ടറി :

(A) ചോകില അയ്യർ (B) നിരുപമ റാവു

(C) സുജാത സിംഗ് (D) പ്രതിഭ പട്ടേൽ

16. ഐ. എസ്. ആർ. ഒ -യുടെ ആസ്ഥാനത്തിന്റെ പേര് :

(A) വായു ഭവൻ (B) അന്തരീക്ഷ ഭവൻ

(C) ആകാശ് ഭവൻ (D) ഇവയൊന്നുമല്ല.



fb.com/pscnet.in

www.pscnet.in

17. ഏത് ബഹിരാകാശ യാത്രികയുടെ പേരിലാണ് നാസയുടെ ബഹിരാകാശപേടകമായ ഗ്രെയിൻ വീണ സ്ഥലം അറിയപ്പെടുന്നത് ?

(A) കൽപ്പന ചൗള (B) എയ്‌ലീൻ കൊളിൻസ്

(C) വാലന്റിന തെരഷ്കോവ (D) സാലി റൈഡ്

18. 2012-ലെ ഇന്ദിരാഗാന്ധി സമാധാന പുരസ്കാരം ലഭിച്ചത് ഏത് രാജ്യത്തിലെ പ്രസിഡന്റിനാണ്?

(A) കെനിയ (B) ദക്ഷിണ കൊറിയ

(C) നൈജീരിയ (D) ലൈബീരിയ

19. 'ഹോർത്തുസ് മലബാറിക്കസ്' ഏത് ഭാഷയിലാണ് എഴുതിയിരിക്കുന്നത് ?

(A) ഗ്രീക്ക് (B) ലാറ്റിൻ (C) ഇംഗ്ലീഷ് (D) ജർമ്മൻ

20. 'ചിറ്റഗോംഗ്' എന്ന പട്ടണം ഇപ്പോൾ സ്ഥിതിചെയ്യുന്ന രാജ്യം :

(A) ബംഗ്ലാദേശ് (B) ബർമ്മ (C) നേപ്പാൾ (D) ഭൂട്ടാൻ

21. പ്രകാശത്തിന്റെ വേഗത ആദ്യമായി അളന്നത് :

(A) ഐൻസ്റ്റീൻ (B) ഐസക് ന്യൂട്ടൺ (C) റോമർ (D) ഗലീലിയോ

22. അന്റാസിഡായി ഉപയോഗിക്കുന്ന ഒരു രാസവസ്തു :

(A) കാൽസ്യം കാർബണേറ്റ് (B) സോഡിയം കാർബണേറ്റ്

(C) കാൽസ്യം ബൈ കാർബണേറ്റ് (D) സോഡിയം ബൈ കാർബണേറ്റ്

23. '2 ഡി' എന്ന വ്യവസായിക നാമത്തിൽ അറിയപ്പെടുന്ന രാസവസ്തു ഏത് വിഭാഗത്തിൽ പെടുന്നു ?

(A) കളനാശിനി (B) കീടനാശിനി (C) അണുനാശിനി (D) ഇവയൊന്നുമല്ല

24. ഒരു ന്യൂട്രോൺ ഉള്ള ഹൈഡ്രജന്റെ ഐസോടോപ്പ് :

(A) പ്രോട്ടിയം (B) ട്രിഷിയം (C) ഡ്യൂട്ടീരിയം (D) റുബീഡിയം



fb.com/pscnet.in

www.pscnet.in

25. ഹെപ്പറ്റൈറ്റിസ് ബി പകരുന്നത് :

(A) വായുവിലൂടെ

(B) ജലത്തിലൂടെ

(C) രക്തത്തിലൂടെയും ശരീരദ്രവങ്ങളിലൂടെയും

(D) ഇവയൊന്നുമല്ല.

26. ഉരുളക്കിഴങ്ങ് പച്ചനിറമാകുമ്പോൾ അതിലുണ്ടാകുന്ന വിഷപദാർത്ഥം :

(A) ഒപ്പിയം (B) നിക്കോട്ടിൻ (C) റൈസിൻ (D) സൊളാനിൻ

27. ഉറക്കത്തെ കുറിച്ച് പഠിക്കുന്ന ശാസ്ത്രശാഖ:

(A) ഹൈപ്പനോളജി (B) കാലോളജി (C) ലോയിമോളജി (D) ഓസ്മോളജി

28. പാലിന്റെ pH മൂല്യം :

(A) 6.3 (B) 6.6 (C) 7.4 (D) 7.6

29. കുതിരയുടെ ഉയരം അളക്കുന്ന യൂണിറ്റ് :

(A) നോട്ട് (B) ഹാന്റ് (C) പോയിന്റ് (D) ഫീറ്റ്

30. ജലത്തിൽ ഏറ്റവും ലയിക്കുന്ന വാതകം :

(A) ഓക്സിജൻ (B) ക്ലോറിൻ (C) നൈട്രജൻ (D) അമോണിയ

31. ബ്രിട്ടീഷ് ഇന്ത്യയെ ചക്രവർത്തിയുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ ആക്കിയ വർഷം :

(A) 1600 (B) 1857 (C) 1757 (D) 1858

32. ഇന്ത്യയിൽ ഒന്നാം പഞ്ചവത്സര പദ്ധതി ആരംഭിച്ച വർഷം :

(A) 1950 (B) 1956 (C) 1951 (D) 1960

33. വാറ്റ് (VAT) എന്ന പേരിൽ വില്പന നികുതി ഇന്ത്യയിലെ ഭൂരിഭാഗം സംസ്ഥാനങ്ങളിലും ഏർപ്പെടുത്തിയ വർഷം:

(A) 2005 (B) 2011 (C) 1991 (D) 2001



fb.com/pscnet.in

www.pscnet.in

34. ഇന്ത്യയിലെ ഏറ്റവും വലിയ വാണിജ്യ ബാങ്ക് :

(A) സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ (B) സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ

(C) ഇന്ത്യൻ ബാങ്ക് (D) കാനറ ബാങ്ക്

35. മംഗളവനം പക്ഷി സങ്കേതം സ്ഥിതി ചെയ്യുന്നതെവിടെയാണ് ?

(A) തിരുവനന്തപുരം (B) എറണാകുളം

(C) കോഴിക്കോട് (D) കൊല്ലം

36. ഇടുക്കി ജലവൈദ്യുത പദ്ധതിയുടെ ജലസംഭരണിയിൽ ഏതു നദിയിലെ ജലമാണ് സംഭരിക്കപ്പെടുന്നത് ?

(A) പെരിയാർ (B) ഭാരതപ്പുഴ (C) മീനച്ചിലാറ് (D) പമ്പാനദി

37. കേരളത്തിലെ വനഭൂമി ഇല്ലാത്ത ജില്ല :

(A) കണ്ണൂർ (B) കൊല്ലം (C) ആലപ്പുഴ (D) കോട്ടയം

38. ഇന്ത്യൻ യൂണിയൻ പ്രസിഡന്റ് തൽസ്ഥാനം രാജിവയ്ക്കണമെന്ന് തീരുമാനിച്ചാൽ, രാജിക്കത്ത് സമർപ്പിക്കേണ്ടത് ആർക്കാണ് ?

(A) ലോക്സഭ സ്പീക്കർ

(B) പ്രധാനമന്ത്രി

(C) ഇന്ത്യൻ യൂണിയൻ വൈസ് പ്രസിഡന്റ്

(D) സുപ്രീം കോടതി ചീഫ് ജസ്റ്റിസ്

39. വിനോദ സഞ്ചാരകേന്ദ്രമായ ബേക്കൽകോട്ട ഏത് ജില്ലയിലാണ് ?

(A) കണ്ണൂർ (B) വയനാട് (C) കോഴിക്കോട് (D) കാസർഗോഡ്

40. "ജനങ്ങളുടെ അദ്ധ്യാത്മ വിമോചനത്തിന്റെ അധികാര രേഖയായ സ്മൃതി" എന്ന് ഗാന്ധിജി വിശേഷിപ്പിച്ചത് ഏതിനെയാണ് ?

(A) പാലിയം സത്യാഗ്രഹം (B) ക്ഷേത്രപ്രവേശന വിളംബരം

(C) വൈക്കം സത്യാഗ്രഹം (D) കുണ്ടറ വിളംബരം

41. ഇന്ത്യയിലെ ആദ്യത്തെ ബാല സൗഹൃദ ജില്ല :

(A) ഇടുക്കി (B) എറണാകുളം (C) കണ്ണൂർ (D) തിരുവനന്തപുരം



fb.com/pscnet.in

www.pscnet.in

42. ഇന്ത്യയിൽ പ്ലാനിംഗ് കമ്മീഷൻ ആദ്യമായി നാഷണൽ ഹ്യൂമൻ ഡവലപ്മെന്റ് റിപ്പോർട്ട് പ്രസിദ്ധീകരിച്ച വർഷം :

(A) 1950 (B) 1965 (C) 1956 (D) 2001

43. ഏത് വ്യക്തിയുടെ സ്വാധീനത്തിലാണ് ഗാന്ധിജി നിസ്സഹകരണ പ്രസ്ഥാനം ആരംഭിച്ചത് ?

(A) മഹാദേവ് ദേശായി (B) റൊമെയ്ൻ റോളണ്ട്

(C) ഹെൻറി ഡേവിഡ് തോറോ (D) രവീന്ദ്രനാഥ ടാഗോർ

44. ഇന്ത്യയുടെ പതാക സാർവദേശീയ വേദിയിൽ ആദ്യമായി ഉയർത്തിയ വനിത :

(A) കൽപന ദത്ത് (B) റാണി താരാബായ്

(C) ബീനാ ദാസ് (D) മാഡം കാമ

45. 1857-ൽ അവസാനത്തെ മുഗൾ ചക്രവർത്തി ബഹദൂർഷാ രണ്ടാമനെ നാടുകടത്തി, മരിക്കുന്നതുവരെ തടവിൽ പാർപ്പിച്ചത് എവിടെയാണ് ?

(A) ബർമ്മ (B) ഇംഗ്ലണ്ട് (C) ആൻഡമാൻ (D) സിങ്കപ്പൂർ

46. ജാലിയൻ വാലാബാഗ് ദുരന്തത്തിൽ പ്രതിഷേധിച്ച് 'സർ' പദവി ഉപേക്ഷിച്ചതാര് ?

(A) സുഭാഷ് ചന്ദ്രബോസ് (B) രവീന്ദ്രനാഥ ടാഗോർ

(C) മഹാത്മാ ഗാന്ധി (D) വി. പി. മേനോൻ

47. ചേരിചേരാ പ്രസ്ഥാനം (NAM) രൂപം കൊണ്ടത് ഏത് സമ്മേളനത്തിൽ വെച്ചാണ് ?

(A) ബന്ദൂങ് (B) ജനീവ (C) വാഷിംഗ്ടൺ (D) ബൽഗ്രേഡ്

48. കേരളത്തിൽ ഏറ്റവും കൂടുതൽ ബോക്സൈറ്റ് നിക്ഷേപം ഉള്ളത് ഏത് ജില്ലയിലാണ് ?

(A) തൃശ്ശൂർ (B) തിരുവനന്തപുരം (C) കാസർഗോഡ് (D) കൊല്ലം

49. ഇന്ത്യയിലെ മുഖ്യ വിവരാവകാശ കമ്മീഷണർ :

(A) എം. എൽ. ശർമ്മ (B) എ. എൻ. തിവാരി

(C) എസ്. എൻ. മിശ്ര (D) ദീപക് സന്ധു



fb.com/pscnet.in

www.pscnet.in

50. ബ്രിട്ടീഷ് ഭരണകാലത്ത് ആദ്യമായി നിർമ്മിക്കപ്പെട്ട ജലഗതാഗത കനാൽ :

(A) സിർഹിന്ദ് കനാൽ
(B) ആഗ്ര കനാൽ
(C) ബക്കിംഗ്ഹാം കനാൽ
(D) അപ്പർ ഗംഗ കനാൽ

51. ബ്രിട്ടീഷ് ഭരണകാലത്ത് കൽക്കത്ത ഇന്ത്യൻ അസോസിയേഷൻ രൂപീകരിച്ചതാരാണ് ?

(A) സുരേന്ദ്രനാഥ ബാനർജി
(B) കേശബ് ചന്ദ്രസെൻ
(C) റാം മോഹൻ റായ്
(D) ദേവേന്ദ്രനാഥ ടാഗോർ

52. കേരളത്തിൽ ആദ്യമായി ടെലിവിഷൻ പരിപാടി സംപ്രേക്ഷണം ചെയ്യാൻ തുടങ്ങിയ സ്ഥലം ഏതാണ് ?

(A) എറണാകുളം
(B) തിരുവനന്തപുരം
(C) കൊച്ചി
(D) കോഴിക്കോട്

53. സി.ഡി.എസ്. (കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സൊസൈറ്റി) ഏത് സംവിധാനവുമായി ബന്ധപ്പെട്ടതാണ് ?

(A) കുടുംബശ്രീ
(B) ഇൻഷുറൻസ്
(C) നീതിന്യായം
(D) പൊതുവിതരണം

54. സ്ത്രീകൾക്കും പുരുഷന്മാർക്കും തുല്യമായ ജോലിക്ക് തുല്യ വേതനം ഉറപ്പുവരുത്തണമെന്ന് ഇന്ത്യൻ ഭരണഘടനയുടെ ഏതു ഭാഗത്ത് വ്യവസ്ഥ ചെയ്തിരിക്കുന്നു ?

(A) മൗലികാവകാശങ്ങൾ
(B) നിർദ്ദേശക തത്വങ്ങൾ
(C) കേന്ദ്ര-സംസ്ഥാന ബന്ധങ്ങൾ
(D) പഞ്ചായത്തുകൾ

55. റഷ്യൻ സഹായത്തോടെ നിർമ്മാണം പൂർത്തിയാക്കിയ ഇന്ത്യയിലെ ആണവനിലയം ഏതാണ് ?

(A) കൽപാക്കം
(B) നറോറ
(C) താരാപ്പൂർ
(D) കൂടങ്കുളം

56. ഇന്ത്യയിലെ ആദ്യത്തെ സൈബർ പോലീസ് സ്റ്റേഷൻ സ്ഥാപിച്ചതെവിടെ ?

(A) ബാംഗ്ലൂർ
(B) ഡൽഹി
(C) ചെന്നൈ
(D) മുംബൈ



fb.com/pscnet.in

www.pscnet.in

57. കേരളത്തിലെ ഏത് ക്ഷേത്രപ്രവേശനവുമായി ബന്ധപ്പെട്ടാണ് ജനഹിത പരിശോധന നടത്തിയത് ?

(A) വൈക്കം ക്ഷേത്രം
(B) ഗുരുവായൂർ ക്ഷേത്രം
(C) പാലിയം ക്ഷേത്രം
(D) ശ്രീ പദ്മനാഭ സ്വാമി ക്ഷേത്രം

58. 1585-1598 കാലഘട്ടത്തിൽ മുഗൾ സാമ്രാജ്യത്തിന്റെ തലസ്ഥാന നഗരി ഏതായിരുന്നു ?

(A) ആഗ്ര
(B) ഫത്തേപ്പൂർ സിക്രി
(C) ലാഹോർ
(D) ഷാജഹാനാബാദ്

59. ഇന്ത്യയിലെ ആദ്യത്തെ മെട്രോ റെയിൽ പദ്ധതി ആരംഭിച്ചതെവിടെയാണ് ?

(A) ഗുർഗാവോൺ
(B) ചെന്നൈ
(C) കൊൽക്കത്ത
(D) ഡൽഹി

60. 1925-ൽ മഹാകവി രവീന്ദ്രനാഥ ടാഗോറിന്റെ സെക്രട്ടറി പി. എൻ. ടാഗോർ എന്ന പേരിൽ അദ്ദേഹത്തോടൊപ്പം ജപ്പാനിലെത്തിയ ഇന്ത്യൻ സ്വാതന്ത്ര്യ സമര സേനാനി :

(A) മൗലാനാ ബർക്കത്തുള്ള
(B) ചെമ്പകരാമൻ പിള്ള
(C) സുഭാഷ് ചന്ദ്രബോസ്
(D) രാസ് ബിഹാരി ബോസ്

61. She is a __________ old lady.

(A) virtual
(B) virtuous
(C) virtually
(D) virtue

62. He was informed __________ the serious condition of his father.

(A) of
(B) about
(C) to
(D) on

63. A person chosen to settle the issue between parties engaged in a dispute is __________.

(A) altruist
(B) erudite
(C) arbitrator
(D) accomplice

64. Choose the correct sentence.

(A) I am thinking of visiting Kovalam
(B) I am thinking to visit Kovalam
(C) I am thinking of to visit Kovalam
(D) I am thinking to visiting Kovalam



fb.com/pscnet.in

www.pscnet.in

65. 'OBSEQUIOUS' means :
(A) Funeral rites
(B) excessively respectful
(C) warm and friendly
(D) dangerous

66. If I had time, I ________ the exhibition.
(A) Shall visit
(B) will visit
(C) should have visited
(D) should visit

67. It is fourteen years since I ________ him.
(A) see
(B) saw
(C) seen
(D) have been seeing

68. He ________madness to escape punishment.
(A) feigned
(B) fanned
(C) feeds
(D) farrowed

69. 'Mother wit' means :
(A) To speak frankly
(B) A lady who tells comic stories
(C) To be obsessed by something
(D) Natural common sense

70. Find out the correctly spelt word :
(A) ocurrence
(B) occurrence
(C) occurrance
(D) occurance

71. The operation ________ his pain, but the injection alleviated it. (Choose the word opposite in meaning to the word underlined)
(A) acquitted
(B) departed
(C) discouraged
(D) aggravated

72. pack : wolves : : ________ : books
(A) group
(B) flight
(C) pile
(D) bunch

73. "Don't sleep late and miss the bus", said Mr.Varma. (Choose the correct reported speech)
(A) Mr. Varma advised us not to sleep late and miss the bus.
(B) Mr. Varma advises us not to sleep late and miss the bus.
(C) Mr. Varma advised us to sleep late and miss the bus.
(D) Mr. Varma advised us not to sleep late and missed the bus.

74. Some of us wanted to stay longer, ________ ?
(A) didn't we ?
(B) did we ?
(C) didn't us ?
(D) did they ?



fb.com/pscnet.in

www.pscnet.in

75. The shopkeeper offered to exchange the goods. The shopkeeper offered to refund the money. (Combine using 'either-or')

(A) The shopkeeper offered to either exchange the goods or to refund the money.

(B) The shopkeeper offered either to exchange the goods or refund to the money.

(C) The shopkeeper offered either to exchange the goods or the money.

(D) The shopkeeper offered either to exchange the goods or to refund the money.

76. Which of the following is not a compound noun ?

(A) horse-power (B) master-piece (C) shoe-maker (D) cross-examine

77. I have never known so wet ________ summer.

(A) the (B) an (C) a (D) none of these

78. I ________ the examination, but my brother failed.

(A) hold on (B) got through (C) went off (D) gave up

79. We ________meet you at ten o'clock.

(A) will have (B) would have (C) will (D) would

80. For all her reticence and modesty, it was clear that she was a ________expert in her field.

(A) bon mot (B) bon vivant (C) priori (D) bona fide.

81. 'മേൻമേൽ' - സന്ധി നിർണ്ണയിക്കുക :

(A) ആഗമസന്ധി (B) ആദേശസന്ധി (C) ലോപസന്ധി (D) ദിത്വസന്ധി

82. രണ്ടാമൂഴം എന്ന കൃതിയിലെ പ്രധാന കഥാപാത്രമാണ് :

(A) അർജ്ജുനൻ (B) ശ്രീകൃഷ്ണൻ (C) കർണ്ണൻ (D) ഭീമൻ

83. 'ഞാൻ <u>അവനോട്</u> പറഞ്ഞു'. അടിവരയിട്ടിരിക്കുന്ന പദം ഏതു വിഭക്തിയെ സൂചിപ്പിക്കുന്നു?

(A) സംബന്ധിക (B) ആധാരിക (C) സംയോജിക (D) പ്രയോജിക

84. എസ്. കെ. പൊറ്റക്കാടിനെ ജ്ഞാനപീഠത്തിനർഹനാക്കിയ കൃതി :

(A) ഒരു തെരുവിന്റെ കഥ (B) നൈൽ ഡയറി

(C) പാതിരാ സൂര്യന്റെ നാട്ടിൽ (D) ഒരു ദേശത്തിന്റെ കഥ



fb.com/pscnet.in

www.pscnet.in

85. മേഘത്തിന്റെ പര്യായമല്ലാത്തത് ഏത് ?

(A) അംബുദം (B) നീരദം (C) വാരിജം (D) പയോദം

86. 'കാക്കനാടൻ' എന്ന തൂലികാനാമത്തിൽ അറിയപ്പെടുന്നത് :

(A) ജോർജ്ജ് വർഗ്ഗീസ് (B) ജോർജ്ജ് ജോസഫ്

(C) ജേക്കബ് വർഗ്ഗീസ് (D) ജോസ് ജോസഫ്

87. 'To love is divine' ഈ വാക്യത്തിന്റെ ഏറ്റവും ഉചിതമായ തർജ്ജമയാണ് :

(A) സ്നേഹം ദൈവമാണ് (B) സ്നേഹം ദൈവീകമാണ്

(C) ദൈവത്തെ സ്നേഹിക്കണം (D) സ്നേഹിക്കുക എന്നത് ദൈവീകമാണ്

88. 'പയ്യെത്തിന്നാൽ പനയും തിന്നാം' എന്നതിനു സമാനമായ ഇംഗ്ലീഷ് വാക്യമാണ് :

(A) Slow and steady wins the race (B) Eat more if eat slowly

(C) Slow eating leads to gain more (D) Slow eater can eat palm

89. 'ഓരോ കാഴ്ചകൾ കാണുന്നതിനിടെ അവർ പരസ്പരം നോക്കിച്ചിരിച്ചു,' - ഈ വാക്യത്തിലെ തെറ്റായ പ്രയോഗമേത് ?

(A) നോക്കിച്ചിരിച്ചു (B) ഓരോ കാഴ്ചകൾ

(C) അവർ പരസ്പരം (D) കാണുന്നതിനിടെ

90. കളിയാക്കുക എന്നർത്ഥം വരുന്ന ശൈലിയേത് ?

(A) ഭംഗിവാക്ക് പറയുക (B) താളം തുള്ളുക

(C) പാവ കളിപ്പിക്കുക (D) ചെണ്ടകൊട്ടിക്കുക

91. വിട്ടുപോയത് പൂരിപ്പിക്കുക :

2, 5, 9, 19, 37, _____.

(A) 76 (B) 74 (C) 75 (D) 73

92. ക്രിയ ചെയ്യുക :

$\frac{6}{119} \times \frac{63}{8} \times \frac{17}{9} =$ _____.

(A) $\frac{2}{3}$ (B) $\frac{9}{14}$ (C) $\frac{3}{8}$ (D) $\frac{3}{4}$



fb.com/pscnet.in

www.pscnet.in

93. 54 -ന്റെ $33\frac{1}{3}$ % എത്ര?

(A) 24 (B) 16 (C) 20 (D) 18

94. $2^{16}$ -ന്റെ പകുതി എത്ര ?

(A) $2^8$ (B) $2^{15}$ (C) $1^{16}$ (D) $2^{32}$

95. ഒരു വിദ്യാലയത്തിലെ ആൺകുട്ടികളുടെ എണ്ണവും പെൺകുട്ടികളുടെ എണ്ണവും 12 : 13 എന്ന അംശബന്ധത്തിലാണ്. പെൺകുട്ടികളുടെ എണ്ണം ആൺകുട്ടികളുടെ എണ്ണത്തേക്കാൾ 24 കൂടുതലാണ്. എങ്കിൽ ആൺകുട്ടികളുടെ എണ്ണം എത്ര ?

(A) 312 (B) 50 (C) 288 (D) 600

96. a : b = 2 : 3 -ഉം b : c = 4 : 5 -ഉം ആയാൽ a : c എത്ര ?

(A) 8 : 15 (B) 2 : 5 (C) 15 : 8 (D) 5 : 2

97. 24 cm നീളമുള്ള ഒരു കമ്പി 35 $cm^2$ വിസ്തീർണ്ണം വരത്തക്ക രീതിയിൽ ചതുരാകൃതിയിൽ മടക്കിയാൽ ചതുരത്തിന്റെ നീളമെത്ര ?

(A) 7 cm (B) 12 cm (C) 8 cm (D) 6 cm

98. ക്ലോക്കിലെ മണിക്കൂർ സൂചി 6 മണിക്കൂർ കൊണ്ട് സഞ്ചരിക്കുന്ന ഡിഗ്രിയളവ് എത്താൻ മിനിറ്റ് സൂചിക്ക് എത്ര സമയം വേണം ?

(A) 60 മിനിറ്റ് (B) 180 മിനിറ്റ് (C) 30 മിനിറ്റ് (D) 20 മിനിറ്റ്

99. 12, 18, 27 എന്നീ സംഖ്യകൾ കൊണ്ട് ഹരിച്ചാൽ യഥാക്രമം 8, 14, 23 എന്നീ ശിഷ്ടങ്ങൾ വരുന്ന ഏറ്റവും ചെറിയ സംഖ്യ ഏത് ?

(A) 100 (B) 104 (C) 108 (D) 110

100. 45, 47, 52, 81 ഇതിൽ കൂട്ടത്തിൽ പെടാത്ത സംഖ്യ ഏത് ?

(A) 45 (B) 47 (C) 52 (D) 81

- o 0 o -



fb.com/pscnet.in